പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 4440 — 25/10/2016 ൽ മറുപടിക്ക്

## നഷ്ടത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ കരകയറ്റാൻ നടപടി

ചോദ്യം

ശ്രീ.എസ്.ശർമ്മ
ശ്രീ.ജയിംസ് മാത്യു
ശ്രീ.വി.കെ.സി.മമ്മത് കോയ
ശ്രീ.രാജു എബ്രഹാം

മറുപടി

ശ്രീ. പിണറായി വിജയൻ
(മുഖ്യമന്ത്രി)

എ) മുൻ സർക്കാരിന്റെ കാലത്ത് പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിലാകാനുള്ള കാരണം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ കാരണമെന്തെന്ന് അറിയിക്കുമോ; ഇത് പരിഹരിച്ച് ഇത്തരം സ്ഥാപനങ്ങളെ കരകയറ്റാൻ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

എ) ഉണ്ട്. സ്ഥാപനങ്ങളിൽ കാലാനുസൃതമായ സാങ്കേതിക വിദ്യ നടപ്പിലാക്കി വിപണനത്തിനനുയോജ്യമായ ഉല്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണത്തിലുണ്ടായ കാലതാമസം, മെഷീനറികളുടെ കാലപ്പഴക്കം എന്നിവ സ്ഥാപനങ്ങളുടെ മെച്ചപ്പെട്ട പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഇറക്കുമതിയും, വിപണിയിൽ നിന്നുള്ള കടുത്ത മത്സരത്തേയും, വർദ്ധിച്ച ഉല്പാദനചെലവുകളെയും അതിജീവിക്കത്തക്കവിധത്തിൽ കമ്പനികളുടെ പ്രവർത്തനം മത്സരക്ഷമമാകുവാൻ കഴിയാഞ്ഞതും, മതിയായ പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തതയുമാണ് മിക്ക സ്ഥാപനങ്ങളുടെയും പ്രവർത്തനം മോശമാകുന്നതിനുള്ള പ്രധാന കാരണങ്ങൾ. അഴിമതിയും കെടുകാര്യസ്ഥതയും ചില സ്ഥാപനങ്ങൾ നഷ്ടത്തിലാകാൻ കാരണമായിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാസ്ഥാപനങ്ങളുടെ മുൻകാല പ്രവർത്തനങ്ങളും, ഇപ്പോഴത്തെ അവസ്ഥയും വിശകലനം ചെയ്ത് നഷ്ടത്തിൽ പ്രവർത്തിക്കുന്നതുൾപ്പെടെയുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി വ്യവസായവകുപ്പിന്റെ അധീനതയിലുള്ള 42 സ്ഥാപനങ്ങളുടെയും പ്രാഥമിക അവലോകന യോഗങ്ങൾ റിയാബ് മുഖേന നടത്തുകയുണ്ടായി.

ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ സ്ഥാപനങ്ങളുടെയും കാര്യക്ഷമമായ പ്രവർത്തനത്തിനായി ആധുനികവത്ക്കരണവും, വിപുലീകരണവും, ഉല്പാദന വൈവിദ്ധ്യവൽക്കരണവുമുൾപ്പെടെ സ്വീകരിക്കേണ്ട നടപടികൾ സാമ്പത്തിക ലഭ്യതകൂടി കണക്കിലെടുത്തുകൊണ്ട് നടപ്പിൽ വരുത്തുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

ഉല്പാദന സംവിധാനങ്ങളുടെയും, സാങ്കേതികവിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉല്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണം, വിപുലീകരണം, കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനം, സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം, കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായിട്ടുള്ള സംയോജനം, ധനപരമായ പുനഃരുദ്ധാരണം, പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം മോണിട്ടറിംഗ് ചെയ്യുന്നതിനുള്ള സംവിധാനങ്ങളുടെ ശക്തിപ്പെടുത്തൽ, എന്നിവ അതാത് മേഖലകളിലുള്ള വിദഗ്ധരുടെ നിർദ്ദേശങ്ങൾ കൂടി സ്വീകരിച്ചുകൊണ്ടായിരിക്കും സർക്കാർ തീരുമാനമെടുക്കുന്നത്.

സെക്ഷൻ ഓഫീസർ